**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5835** **08-07-2024 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി വിതരണം ചെയ്യുന്ന ക്ഷേമ പെൻഷനുകളുടെ കുടിശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി വിതരണം ചെയ്യുന്ന ക്ഷേമ പെൻഷനുകളുടെ കുടിശിക കൊടുത്തുതീർക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | നിലവിൽ മസ്റ്ററിംഗ് പൂർത്തിയാക്കിയിട്ടുള്ള എല്ലാ ഗുണഭോക്താക്കൾക്കും 2024 മാർച്ച് മാസത്തിലും, 2024 ഏപ്രിൽ മാസത്തിലും, 2024 മെയ് മാസത്തിലും, 2024 ജൂൺ മാസത്തിലും കേന്ദ്ര വിഹിതം ഉൾപ്പെടെയുള്ള പെൻഷനുകൾ അനുവദിച്ച് വിതരണം നടത്തിയിട്ടുണ്ട്. കടുത്ത സാമ്പത്തിക പ്രതി സന്ധിയിലും കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കേണ്ട നാമമാത്രമായ വിഹിതം പോലും ലഭിക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടും ആ തുക കൂടി സംസ്ഥാനം കൂട്ടിച്ചേർത്ത് സാമൂഹ്യ സുരക്ഷാ പെൻഷനുകൾ അതാത് മാസം തന്നെ വിതരണം നടത്തുന്നതിനുള്ള അശ്രാന്ത പരിശ്രമമാണ് സർക്കാർ നടത്തുന്നത്. 2024-25 ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതുപോലെ 2024 ഏപ്രിൽ, മെയ്, ജൂൺ എന്നീ മാസങ്ങളിൽ സാമൂഹ്യ സുരക്ഷാ/ക്ഷേമനിധി ബോർഡ് പെൻഷനുകൾ അനുവദിച്ച് വിതരണം നടത്തിയിട്ടുണ്ട്. തുടർന്നും മുടക്കം കൂടാതെ എല്ലാ മാസവും പെൻഷൻ നൽകുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു. |
| (ബി) | നടപ്പ് സാമ്പത്തിക വർഷം ഓരോ ക്ഷേമ പെൻഷനും വേണ്ടി നീക്കിവച്ച തുക സംബന്ധിച്ച വിശദാംശം അറിയിക്കുമോ? | (ബി) | 2024-25 സാമ്പത്തിക വർഷം സാമൂഹ്യ സുരക്ഷാ പെൻഷൻ ഇനത്തിലുള്ള ബഡ്ജറ്റ് വിഹിതത്തിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ബഡ്ജറ്റ് ശീർഷകം | ബഡ്ജറ്റ് വിഹിതം |
|---|---|
| 2235-60-102-89 (NP)<br>Assistance to Kerala Social Security Pension Limited | 10729,00,00,000 |
| 2235-03-101-99-01<br>National Old Age Pension - Central Share | 0 |
| 2235-02-101-54-01<br>National Pension for differently abled Person -Central Share | 24,81,69,000 |
| 2235-02-101-54-02<br>National Pension for differently abled Person - State Share | 3,00,000 |
| 2235-60-102-88-01<br>National Widow Pension - Central Share | 118,92,21,000 |
| 2235-60-102-88-02<br>National Widow Pension - State Share | 3,00,000 |
| 2235-03-198-48 - 01<br>NSAP National Old Age Pension - Central Share | 106,57,00,000 |
| 2235-03-198-48 - 02<br>NSAP National Old Age Pension - State Share | 1,00,000 |

കൂടാതെ GO(Rt)No.3282/2024/Fin dated 08.04.2024 പ്രകാരം 2235-03-198-48-01(PV) ' "NSAP National Old Age Pension-Central Share ശീർഷകത്തിൽ നിന്നും 38,01,04,000/- രൂപ 2235-03-101-99-01 (Rs. 22,28,60,000/-), 2235-02-101-54-01 (Rs. 76,56,000/-), 2235-60-102-88-01 (Rs.14,95,88,000/-) എന്നീ ശീർഷകങ്ങളിലേക്കും, GO(Rt) 4142/2024-FIN dtd 22.05.2024 പ്രകാരം, 2235-03-198-48-01(PV) ' "NSAP National Old Age Pension-Central Share ശീർഷകത്തിൽ നിന്നും 68,55,96,000/- രൂപ 2235-03-101-99-01 (Rs. 68,55,96,000/-) എന്ന ശീർഷകത്തിലേക്കും റീ-അപ്രോപ്രിയേറ്റ് ചെയ്ത് വകയിരുത്തിയിട്ടുണ്ട്.